(സി) തിരുവനന്തപുരത്ത് നിശാഗന്ധി ആഡിറ്റോറിയത്തിൽ എന്നതുപോലെ കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലും ടൂറിസം വികസനം ലക്ഷ്യമാക്കി കലാപരിപാടികൾ അവതരിപ്പിക്കാനുദ്ദേശ്യമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ടൂറിസം പ്രൊമോഷനെ ലാക്കാക്കി നിശാഗന്ധി ആഡിറ്റോറിയത്തിൽ ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ എല്ലാവർഷവും നിശാഗന്ധി ഉൽസവം, ഓണാഘോഷപരിപാടി എന്നിവ നടത്തിവരുന്നുണ്ട്. ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള കലാകാരന്മാരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള വിവിധ നൃത്ത സംഗീത പരിപാടികളും ഈ പരിപാടിയിൽ അവതരിപ്പിക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) 2002-2003 വർഷംമുതൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ നഗരങ്ങളിൽ ഒരു മാസക്കാലം നീണ്ടു നിൽക്കുന്ന 'സാംസ്കാരിക സായാഹ്നം' എന്ന പരിപാടി നടത്തുന്നുണ്ട്. ഇതോടനുബന്ധിച്ച് കേരളത്തിൽ തനതു കലാരൂപങ്ങളായ കഥകളി, ഓട്ടൻതുള്ളൽ, മോഹിനിയാട്ടം തുടങ്ങിയവ അവതരിപ്പിക്കുന്നുണ്ട്.

രാമനിലയം ഗസ്റ്റ് ഹൗസിന്റെ വികസനത്തിന് നടപ്പിലാക്കിവരുന്ന പദ്ധതികൾ

72 [6038] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന്റെ കീഴിലുള്ള രാമനിലയം ഗസ്റ്റ് ഹൗസിന്റെ വികസനത്തിന് നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയാണ്;

(ബി) രാമനിലയം കോമ്പൗണ്ടിൽ ആകെയുള്ള സ്ഥലം എത്രയാണ്;

(സി) ഈ സ്ഥലത്തിൽനിന്ന് മറ്റെന്തെങ്കിലും ആവശ്യങ്ങൾക്ക് സ്ഥലം നൽകിയിട്ടുണ്ടോ; ഏതൊക്കെ ആവശ്യങ്ങൾക്കാണ് ഈ സ്ഥലം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) രാമനിലയം കോമ്പൗണ്ടിൽനിന്ന് മറ്റെന്തെങ്കിലും ആവശ്യങ്ങൾക്കായി സ്ഥലം വിട്ടുകൊടുക്കണമെന്നുള്ള നിർദ്ദേശം പരിഗണനയിൽ ഉണ്ടോ;

(ഇ) രാമനിലയം ഗസ്റ്റ് ഹൗസ് പാട്ടവ്യവസ്ഥയിൽ സ്വകാര്യ വ്യക്തികൾക്ക് നൽകുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) രാമനിലയം ഗസ്റ്റ് ഹൗസ് പരിസരം 16 ലക്ഷം രൂപ മതിപ്പ് ചെലവിൽ ലാന്റ് സ്കേപ്പ് ചെയ്ത് മനോഹരമാക്കാനുള്ള ഒരു പദ്ധതിക്കും പഴയ മന്ദിരത്തിലെ വൈദ്യുതീകരണം പുനരുദ്ധരിക്കാനുള്ള പദ്ധതിക്കും ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) നിലവിൽ 3.5 ഏക്കർ സ്ഥലമാണുള്ളത്.

(സി) മുമ്പ് ജവഹർ ബാലഭവൻ, കേരള സംഗീത നാടക അക്കാദമി, കേരള ലളിതകലാ അക്കാദമി, കേരളാ ഫിനാൻഷ്യൽ എന്റർപ്രൈസസ്, യാത്രിനിവാസ് എന്നീ സ്ഥാപനങ്ങൾക്കുവേണ്ടി സ്ഥലം വിട്ടുകൊടുത്തിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ഇല്ല.

ടൂറിസം വികസനത്തിനായി കൈമാറിയ സ്ഥലം

73 [6039] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ വാഗമൺ ടൂറിസം പ്രോജക്ടിന് ഏലപ്പാറ വില്ലേജിലെ ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റിന് പുറമെ ഏതെല്ലാം വകുപ്പുകളാണ് ടൂറിസം വകുപ്പിന് ഭൂമി കൈമാറിയിട്ടുള്ളതെന്ന് പറയാമോ;

(ബി) ടൂറിസം വകുപ്പിന് ലഭിച്ച ഭൂമിയിൽ എത്ര ഏക്കർ ഭൂമി ടൂറിസം വികസനത്തിനായി കൈമാറിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ടൂറിസത്തിനായി വിട്ടുകൊടുത്ത ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) വാഗമണിൽ കേരള ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡിന്റെ അധീനതയിലുള്ള 741.848 ഹെക്ടർ റവന്യൂ ഭൂമി മാത്രമേ ടൂറിസം വകുപ്പിന് കൈമാറിയിട്ടുള്ളൂ ടി ഭൂമി ടൂറിസം വകുപ്പ് ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly